# കേരള കാർഷിക സർവകലാശാല

മെയിൻ കാമ്പസ്, വെള്ളാനിക്കര, തൃശ്ശൂർ

നമ്പർ. കെഎയുജിഎ/8288/2024/ജിഎജി1 തീയതി : 02.12.2024

## വിജ്ഞാപനം

1971-ലെ കേരള കാർഷിക സർവകലാശാല ആക്ട് (2001-ലെ ആക്ട് 16 പ്രകാരം ഭേദഗതി ചെയ്യപ്പെട്ടത്) 14-ാം വകുപ്പിലെ 'മറ്റ് അംഗങ്ങൾ' എന്ന ശീർഷകത്തിൽ ഉപവകുപ്പ് (3), (4) പ്രകാരം സർവകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റിയിലേക്ക് ജനറൽ കൗൺസിലിലെ താഴെപറയുന്ന വിഭാഗത്തിൽപെട്ട അംഗങ്ങളിൽ നിന്നും സ്റ്റാറ്റ്യൂട്ട് എസ്.ആർ.ഒ നമ്പർ 678/74 പ്രകാരം തെരഞ്ഞെടുപ്പ് നടത്തുവാൻ വിജ്ഞാപനം പുറപ്പെടുവിക്കുന്നു.

| ക്രമ നം | തെരഞ്ഞെടുക്കപ്പെടേണ്ട മണ്ഡലം/വിഭാഗം | തെരഞ്ഞെടുക്കപ്പെടേണ്ട അംഗങ്ങളുടെ എണ്ണം |
|---|---|---|
| 1 | അദ്ധ്യാപക പ്രതിനിധി (ജനറൽ കൗൺസിലിലെ അദ്ധ്യാപകരിൽ നിന്നും) | 1 (ഒന്ന്) |
| 2 | അനൗദ്യോഗിക അംഗങ്ങൾ (ജനറൽ) | 3 (മൂന്ന്) |
| 3 | അനൗദ്യോഗിക അംഗം (പട്ടികജാതി/പട്ടികവർഗ്ഗം) | 1 (ഒന്ന്) |
| 4 | അനൗദ്യോഗിക അംഗം (വനിത) | 1 (ഒന്ന്) |

30.10.2024-ന് പ്രസിദ്ധീകരിച്ച വോട്ടർ പട്ടികയിൽ ഉൾപ്പെട്ട ജനറൽ കൗൺസിൽ അംഗങ്ങൾക്കു മാത്രമേ എക്സിക്യൂട്ടീവ് കമ്മറ്റി തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹത ഉണ്ടായിരിക്കുകയുള്ളു. ഏതെങ്കിലും കാരണവശാൽ ജനറൽ കൗൺസിൽ അംഗത്വം തെരഞ്ഞെടുപ്പ് തീയതിക്കു മുമ്പു നഷ്ടപ്പെടുന്ന അംഗങ്ങൾക്ക് തെരഞ്ഞെടുപ്പിൽ പങ്കെടുക്കുവാൻ അർഹത ഇല്ലാതാകുന്നതാണ്.

നിർദ്ദിഷ്ട നാമനിർദ്ദേശ പത്രികയുടെ മറുപുറത്ത് കൊടുത്തിട്ടുള്ള നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ടായിരിക്കണം പത്രികകൾ സമർപ്പിക്കേണ്ടത്. നാമനിർദ്ദേശ പത്രികകൾ വോട്ടർ പട്ടികയിൽ ഉൾപ്പെട്ട അംഗങ്ങൾക്ക് വരണാധികാരിയായ രജിസ്ട്രാറുടെ ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്. നാമനിർദേശ പത്രിക അടങ്ങിയ കവറിനുപുറത്ത് **"എക്സിക്യൂട്ടീവ് കമ്മറ്റിയിലേക്കുള്ള നാമനിർദ്ദേശ പത്രിക : മണ്ഡലം/വിഭാഗം : ..............................."** എന്ന് എഴുതിയിരിക്കേണ്ടതാണ്.

സ്ഥാനാർത്ഥിക്കും, സ്ഥാനാർത്ഥി രേഖാമൂലം ചുമതലപ്പെടുത്തിയതും വരണാധികാരിയുടെ അംഗീകാരം നേടിയതുമായ ഒരു പ്രതിനിധിക്കും നാമനിർദ്ദേശ പത്രികകൾ സൂക്ഷ്മ പരിശോധന നടത്തുന്ന സമയത്ത് സന്നിഹിതരാകാവുന്നതാണ്.

(മറുപുറം)

## തെരഞ്ഞെടുപ്പ് കാര്യപരിപാടി

| | | |
|---|---|---|
| 1. | നാമനിർദ്ദേശ പത്രിക സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും | 18.12.2024, (ബുധനാഴ്ച)<br>5.00 PM |
| 2. | നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മ പരിശോധന | 23.12.2024, (തിങ്കളാഴ്ച)<br>11.30 AM |
| 3. | സാധുവായി നാമനിർദ്ദേശം ചെയ്യപ്പെട്ട സ്ഥാനാർത്ഥികളുടെ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 23.12.2024, (തിങ്കളാഴ്ച) |
| 4. | സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള അവസാന തീയതിയും സമയവും | 26.12.2024, (വ്യാഴാഴ്ച)<br>4.00 PM |
| 5. | മത്സരിക്കുന്ന സ്ഥാനാർത്ഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി | 26.12.2024, (വ്യാഴാഴ്ച) |
| 6. | വോട്ടെടുപ്പ് തീയതിയും സമയവും സ്ഥലവും (പ്രത്യേക ജനറൽ കൗൺസിൽ യോഗ സ്ഥലം) | 04.01.2025, (ശനിയാഴ്ച)<br>(9.00 AM to 10.00AM),<br>തിരുവനന്തപുരം |
| 7. | വോട്ട് എണ്ണി തിട്ടപ്പെടുത്തുന്ന സമയം | 04.01.2025, (ശനിയാഴ്ച)<br>10.00AM |
| 8. | ഫലപ്രഖ്യാപനം | 04.01.2025, (ശനിയാഴ്ച) |
| 9. | ഫലപ്രഖ്യാപനം പ്രാബല്യത്തിൽ വരുന്ന തീയതി | 07.01.2025, (ചൊവ്വാഴ്ച) |

OFFICE OF THE REGISTRAR ★ KERALA AGRICULTURAL UNIVERSITY ★ VELLANIKKARA P.O. THRISSUR - 680 656 KERALA, INDIA

രജിസ്ട്രാർ & റിട്ടേണിങ്ങ് ഓഫീസർ